നമ്പർ: D6-10213/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
email: swdkerala@gmail.com
തീയതി : 01.01.2019

# സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- മാതൃജ്യോതി - കാഴ്ചവൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ / സ്പഷ്ടീകരണം നൽകുന്നതു സംബന്ധിച്ച് -

സൂചന: 1) സ.ഉ(ആർ.റ്റി)നം.311/18/സാ.നീ.വ തീയതി: 25.5.18.
2) വിവിധ ജി.സാ.നീ.ഓഫീസർമാരുടെ കത്തുകൾ.

കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം 24 മാസക്കാലം തന്റെ കുഞ്ഞിനെ പരിചരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ക്രമത്തിൽ ധനസഹായം നൽകുന്ന "മാതൃജ്യോതി" പദ്ധതി നടപ്പിലാക്കുന്നതിന് മേൽ സൂചന (1) പ്രകാരം ഭരണാനുമതിയും ഫണ്ടും നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പ്രസവാനന്തരം 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസവാനന്തരം 3 മാസത്തിനു ശേഷവും ധാരാളം പേർ അപേക്ഷ സമർപ്പിക്കുന്നതായും ഇത്തരക്കാർക്കും ധനസഹായമനുവദിക്കണമെന്ന് മേൽ സൂചന(2) പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള കത്തുകളുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ ജനനതീയതി മുതൽ 1 വർഷം വരെ കാലതാമസം വന്നിട്ടുള്ള അപേക്ഷകൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ മാപ്പ് നൽകി ബന്ധപ്പെട്ട ഗുണഭോക്താവിനെ ആനുകൂല്യത്തിനായി പരിഗണിക്കേണ്ടതാണ്. എന്നാൽ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ കുട്ടിയ്ക്ക് 2 വയസ്സ് പൂർത്തിയാകുന്ന മാസം വരെയുള്ള ധനസഹായം അനുവദിച്ചാൽ മതിയാകും. നാളിതുവരെ സമർപ്പിച്ചിട്ടുള്ള മാപ്പപേക്ഷകൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നിശ്ചിത പ്രൊഫോർമയിൽ വീണ്ടും ഫണ്ടിനായി ആവശ്യപ്പെടേണ്ടതാണ്. തുടർന്ന് ലഭിക്കുന്ന മാപ്പപേക്ഷകൾക്ക് ഡയറക്ടറേറ്റിലേയ്ക്ക് കത്ത് നൽകേണ്ടതില്ല.

db@

പ്രസവാനന്തരം 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് 24 മാസവും 3 മാസത്തിനു ശേഷം 1 വർഷം വരെ കാലതാമസം വരുന്ന അപേക്ഷകർക്ക് അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ കുട്ടിയ്ക്ക് 2 വയസ്സാകുന്നതുവരെയുള്ള കാലയളവിലേയ്ക്കാണ് ആനുകൂല്യം അനുവദിക്കേണ്ടത്.

ഒരു വർഷത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കേണ്ടതില്ല. മേൽ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിനുള്ളിൽ സമർപ്പിച്ച അപേക്ഷകൾക്ക് മാത്രം ആവശ്യമായ തുക കണക്കാക്കി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിയ്ക്കുന്ന പ്രൊഫോർമയോടൊപ്പം വ്യക്തമായ ശുപാർശ കത്ത് സഹിതം ഫണ്ടിനായി അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം: പ്രൊഫോർമ.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

db@

# മാതൃജ്യോതി പദ്ധതി

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വൈകല്യ ശതമാനം | കുട്ടിയുടെ ജനനതീയതി | ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്ത തീയതി | അപേക്ഷ സമർപ്പിച്ച തീയതി | നടപ്പ് സാമ്പത്തിക വർഷം ആവശ്യമായ തുക | നാളിതുവരെ ആനുകൂല്യം നൽകിയ കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |

ജില്ലാ സാമൂഹ്യനീതി ഓഫീസർ

*db@*